No. 134/2016

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളി കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

പരിശുദ്ധ സഭയുടെ പരിപൂർണ്ണ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന പീരുമേട് മാർ ബസേലിയോസ് ക്രിസ്ത്യൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി പ്രവർത്തനം ആരംഭിച്ചിട്ട് 15 വർഷം പിന്നിട്ടിരിക്കുന്നു. ഈ കോളേജിൽ നിന്നും പഠിച്ചിറങ്ങിയ അനേകം വ്യക്തികൾ ഇന്ന് സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രശോഭിക്കുന്നു എന്നു കാണുന്നതിൽ നമുക്ക് അതിയായ സന്തോഷമുണ്ട്. സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ, കംപ്യൂട്ടർ സയൻസ് എന്നീ ശാഖകളിൽ ബി.ടെക് കോഴ്സുകളും ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ, കംപ്യൂട്ടർ സയൻസ് എന്നീ ശാഖകളിൽ എം.ടെക് കോഴ്സുകളും ഇവിടെ നടത്തപ്പെടുന്നു. പ്രകൃതി രമണീയവും ശാന്തവുമായ അന്തരീക്ഷത്തിൽ പഠനത്തിനും വിദ്യാർത്ഥികളുടെ ആത്മീയ പോഷണത്തിനും നമ്മുടെ വൈദികരുടെ നേതൃത്വത്തിൽ പ്രത്യേക ശ്രദ്ധ നൽകിവരുന്നു. സഭാ മക്കളെ ഈ സ്ഥാപനത്തിലേക്ക് എഞ്ചിനീയറിംഗ് പഠനത്തിന് അയയ്ക്കണമെന്നും അവർക്ക് നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അനുവദിക്കപ്പെട്ടിരിക്കുന്ന ഫീസിളവ് പ്രയോജനപ്പെടുത്തണമന്നും നാം സ്നേഹപൂർവ്വം ആവശ്യപ്പെടുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2016 മെയ് മാസം 12-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.